DESPATCHED On..20/2/2020
29/01/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 536 (6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.6286/SIC-Gen5/2015**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.പി. ചന്ദ്രശേഖരമേനോൻ,
കിഴക്കേമഠം,
തൃക്കാരിയൂർ പി.ഒ.,
കോതമംഗലം, എറണാകുളം. } പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി,
ഗതാഗത (എ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
അഡീഷണൽ സെക്രട്ടറി,
ഗതാഗത (എ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 15.2.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.3.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.3.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 23.4.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.4.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 25.4.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.5.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 9.6.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.1.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | പരാതി ഹർജിക്കാരന്റെ പ്രതിനിധിയും ഒന്നാം എതിർകക്ഷിയും ഹാജരായി. |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.കെ.പി. ചന്ദ്രശേഖരമേനോൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒയും അപ്പീൽ അധികാരിയും നൽകിയിട്ടില്ലെന്നും ഹർജിക്കാരനെ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്നും മേൽപ്പടി സാഹചര്യത്തിൽ ഹർജിക്കാരൻ ബഹു: ഹൈക്കോടതി മുമ്പാകെ WP(C)No.23035/2009 ഫയൽ ചെയ്തിരുന്നു എന്നും ആയതു പ്രകാരം ഗതാഗത വകുപ്പ് സെക്രട്ടറി തീർപ്പു കൽപ്പിച്ച ഉത്തരവിന്റെ പകർപ്പ് ടിയാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് വിവരാവകാശ നിയമ പ്രകാരം നൽകുവാൻ സാദ്ധ്യമല്ലെന്നാണ് അറിയിച്ചത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഗതാഗത വകുപ്പു സെക്രട്ടറിയുടെ 14499/എ3/2011/ഗതാഗതം ഹർജി തീർപ്പ് ഉത്തരവ് നിർദ്ദിഷ്ട രൂപത്തിൽ സർട്ടിഫൈ ചെയ്തു നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, നിർദ്ദിഷ്ട രൂപത്തിൽ രേഖകൾ തയ്യാറാക്കി ലഭ്യമാക്കുക, പരാതിക്ക് പരിഹാരം കാണുക എന്നിവ വിവരാവകാശ നിയമ പ്രകാരം പരിഗണിക്കാൻ കഴിയുന്നതല്ലെന്നും ഒരു പൊതു അധികാരിയുടെ കൈവശമുള്ള വിവരങ്ങൾ, രേഖകൾ എന്നിവയാണ് നൽകേണ്ടതെന്നും ഹർജിക്കാരന്റെ നിരവധി ഹർജികൾ തീർപ്പ് കൽപ്പിച്ച് മറുപടി നൽകിയ 22.5.2015 ലെ 14499/എ3/11/ഗതാഗതം കത്ത് മാത്രമേ വകുപ്പിൽ ലഭ്യമായിട്ടുള്ളു എന്നും മേൽപ്പടി രേഖകൾക്ക് ഉപരിയായി യാതൊരു ഉത്തരവുകളും മേൽപ്പടി വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും 22.5.2015 ലെ 14499/എ3/11/ഗതാഗതം കത്തിന്റെ പകർപ്പ് ഹർജിക്കാരന് നൽകുന്നു എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത് ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും മന:പൂർവ്വമായ യാതൊരു കാലതാമസവും എതിർകക്ഷി ഓഫീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലെന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച ഗതാഗത വകുപ്പു

സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് ടിയാന് നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി വിഷയത്തിൽ നിരവധി തവണ ഹർജിക്കാരൻ ഒരേ വിവരം തന്നെ തേടിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരം തേടിയ വിഷയത്തിൽ എ.പി.1684(1)/2013/എസ്.ഐ.സി, എ.പി 2228(1)/2016/എസ്ഐ.സി, എ.പി 1782(2)/2016/എസ്.ഐ.സി. എന്നിവ പ്രകാരം കമ്മീഷൻ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണെന്നും ഇക്കാര്യത്തിൽ ഹർജിക്കാരന് ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ എല്ലാം നൽകിയിട്ടുള്ളതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ നിന്നും നിരവധി തവണ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ഇനിയും മേൽപ്പടി കാര്യങ്ങൾ നേരിൽ ബോദ്ധ്യമാകുന്നതിലേയ്ക്കായി ഹർജിക്കാരൻ താത്പര്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയലുകൾ സൗജന്യമായി പരിശോധിക്കാനുള്ള അവസരം ഹർജിക്കാരന് നൽകണമെന്ന് നിർദ്ദേശിച്ച് ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk